**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ മഴക്കെടുതി മൂലമുണ്ടായ നാശ നഷ്ടങ്ങൾ- ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഇ.പി.ബി)വകുപ്പ്

**സ.ഉ.(സാധാ) നം.2227/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/08/2018

---

**ഉത്തരവ്**

അടുത്തിടെയുണ്ടായ കാല വർഷക്കെടുതിയിൽ ഏറ്റവുമധികം ദുരന്തങ്ങൾ അനുഭവിക്കേണ്ടി വന്ന കോട്ടയം,ആലപ്പുഴ,പത്തനംതിട്ട ജില്ലകളിൽ നടത്തുന്ന ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പ്രത്യേകമായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. സ്പെഷ്യൽ ഓഫീസർമാരുടെ നോഡൽ ആഫീസറായി .ആലപ്പുഴ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ ഓഫീസറായി പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.സലിം ഗോപാലിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. സ്പെഷ്യൽ ഓഫീസർ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. നോഡൽ ആഫീസറുമായി ബന്ധപ്പെട്ട് ആവശ്യമായ ഉപദേശം സ്വീകരിച്ച് പ്രവർത്തനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ഗോപാലകൃഷ്ണ ഭട്ട്**

**സ്പെഷ്യല് സെക്രട്ടറി**

1. ശ്രീ.സലിം ഗോപാൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ,.ഐ.കെ.എം (സർക്കാർ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിലേക്കായി)
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. റവന്യൂ വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
2. ബഹു.അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ പി.എയ്ക്ക്
4. അഡിഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്